**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4639** **13-03-2023 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക ഉന്നമനത്തിനായി നടത്തി വന്നിരുന്ന പല പദ്ധതികളിൽ നിന്നും കേന്ദ്രം പിൻവാങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി തുടർന്നുവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനായി നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കുമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ സഹായം 1 മുതൽ 8 വരെയുള്ള ക്ലാസ്സുകാരെ ഒഴിവാക്കി കൊണ്ട് 9, 10 ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് മാത്രമായി കേന്ദ്ര സർക്കാർ ചുരുക്കുകയുണ്ടായി. ആയതിനാൽ അർഹരായ ധാരാളം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടായി. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറിയ സാഹചര്യത്തിൽ ഈ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക എന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതി വകുപ്പ് ആരംഭിക്കുകയും നടപ്പ് സാമ്പത്തിക വർഷം 25 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പിന്നാക്ക വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധന സഹായം ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്ന മൈക്രോ ക്രെഡിറ്റ് പദ്ധതി സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പിന്നാക്ക വിഭാഗങ്ങൾക്ക് സ്ഥിര വരുമാനം കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന വായ്പാ പദ്ധതികളിലൊന്നാണ് മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി. കോർപ്പറേഷൻ പ്രാമുഖ്യം നൽകി വരുന്ന ടി വായ്പാ പദ്ധതിയിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ സി.ഡി.എസ്/തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന പരമാവധി 3 കോടി രൂപ 4% മുതൽ 5% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.<br><br>ടി പദ്ധതി പ്രകാരം വായ്പ ലഭ്യമാക്കുന്നതിന് ഓരോ വർഷവും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. നാളിതുവരെ 31,935 |

| | | | |
|---|---|---|---|
| | | | അയൽക്കൂട്ടങ്ങൾക്ക് 1151.82 കോടി രൂപ, 3,41,366 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുപുറമെ സമൂഹത്തിന്റെയാകെ ഉന്നമനം ലക്ഷ്യമിട്ട് എൻ.ജി.ഒ. കൾ, കുടുംബശ്രീ സി.ഡി.എസുകൾ എന്നിവ മുഖാന്തിരം വരുമാന പരിധിയോ സാമുദായിക പരിഗണനയോ കണക്കാക്കാതെ ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) ന്റെ ഫണ്ട് വിനിയോഗിച്ചാണ് മതന്യൂനപക്ഷ വിഭാഗങ്ങൾക്കായി വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. NGO കൾ കുടുംബശ്രീ സി.ഡി.എസ്സുകൾ എന്നിവർക്ക് കോർപ്പറേഷൻ ധനസഹായം നൽകി വരുന്നില്ല. എന്നാൽ കുറഞ്ഞ പലിശ നിരക്കിൽ മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചു വരുന്നുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇത്തരത്തിൽ എൻ.ജി.ഒ. കൾ, കുടുംബശ്രീ സി.ഡി.എസുകൾ എന്നിവയ്ക്ക് നൽകുന്ന ലിങ്കേജ് വായ്പയിന്മേൽ പൊതുമേഖലാ ബാങ്കുകൾ ഈടാക്കുന്ന പലിശയും സർവീസ് ചാർജ്ജും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഈടാക്കുന്ന തുകയും തമ്മിൽ സാരമായ വ്യത്യാസം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | NGO കൾ കുടുംബശ്രീ സി.ഡി.എസ്സുകൾ എന്നിവർക്ക് പൊതുമേഖലാ ബാങ്കുകൾ ലിങ്കേജ് വായ്പയിന്മേൽ ഈടാക്കുന്ന പലിശയും സർവ്വീസ് ചാർജ്ജും കോർപ്പറേഷൻ ഈടാക്കുന്ന തുകയും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ട്. കോർപ്പറേഷൻ അനുവദിച്ചുവരുന്ന മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന പദ്ധതി പ്രകാരം വായ്പയായി പരമാവധി 3 കോടി രൂപ 3% മുതൽ 5% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു. കൂടാതെ സി.ഡി.എസ്സുകളിൽ നിന്നും വായ്പാ തുകയുടെ 0.25%, പരമാവധി 5,000/- രൂപയും, NGO കളിൽ നിന്നും വായ്പാ തുകയുടെ 0.25%, പരമാവധി 10,000/- രൂപയുമാണ് പ്രോസസ്സിംഗ് ഫീസ് ആയി കോർപ്പറേഷൻ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. (എ) ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line I) (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS/NGO – 3 കോടി രൂപ | NGO / CDS – 4%, SHG – 5% |
| (ബി) ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line II) (കുടുംബ വാർഷിക വരുമാനം 8 ലക്ഷം) | CDS/NGO – 3 കോടി രൂപ | NGO / CDS – 5%, SHG - 10% |